WEDNESDAY 05.07.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/07/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഞാറ്റുവേലചന്തയുടെയും കർഷകസഭകളുടെയും സമാപന സമ്മേളനത്തോടനുബന്ധിച്ച് നടത്തുന്ന കാർഷിക പ്രദർശന മേളയുടെ ഉദ്ഘാടനം പൂജപ്പുര സരസ്വതി മണ്ഡപത്തിൽ തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ പി കെ രാജു നിർവഹിച്ചു. ജൈവഉൽപാദനോപാധികൾ, സങ്കരയിനം പച്ചക്കറി തൈകൾ/ വിത്തുകൾ, സങ്കരയിനം തെങ്ങിൻ തൈകൾ, വിവിധയിനം നാടൻ പച്ചക്കറികൾ എന്നിവയും വിവിധ സ്ഥാപനങ്ങളുടെ പ്രദർശന സ്റ്റാളുകളും, കാർഷികോല്പന്നങ്ങളുടെ വിപണനവും ഒരുക്കിയിട്ടുണ്ട്. കൂടാതെ വിപണിയിൽ സുലഭമമല്ലാത്ത പൊപൗലു ഇനം വാഴക്കുലയും വിദേശയിനം ഓസ്ട്രേലിയൻ ബട്ടർനട്ടും മേളയുടെ ആകർഷണങ്ങളാണ്.

2. കൃഷി വകുപ്പിന്റെ സഞ്ചരിക്കുന്ന ഹോർട്ടിസ്റ്റോറുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിച്ചു.

3. സംസ്ഥാന കൃഷി വകുപ്പ് ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റിന് നൽകുന്ന കർഷക ഭാരതി അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തിക്കാണ് അവാർഡ് നൽകുന്നത്. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളു. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. കർഷകഭാരതി അവാർഡ് മൂന്നു വിഭാഗങ്ങളായാണ് നൽകുന്നത്. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം കാർഷിക പത്ര പ്രവർത്തന മേഖലയിലെ നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. അപേക്ഷയും വിശദാംശങ്ങളും **www.keralaagriculture.gov.in, www.fibkerala.gov.in**'' എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 11.07.2023.** അപേക്ഷകർ **''പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3''** എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകളുടെ പുറത്ത് **''കർഷക ഭാരതി അവാർഡ്-2022 ഏതു വിഭാഗം''** എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ചുവരുന്ന പശുക്കളെയും ആടുകളെയും ഈ മാസം 11-ാം തീയതി പകൽ 11 മണിക്ക് പരസ്യ ലേലം വഴി പൊതുജനങ്ങൾക്ക് വില്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം രാവിലെ 10:30ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470302 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

6. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

7. പെരുവമ്പ് ഗ്രാമപഞ്ചായത്തിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി ജൂലൈ 7ന് രാവിലെ 10.30 ന് നിർവഹിക്കുന്നു. കാർഷിക സേവനങ്ങൾ കാര്യക്ഷമവും സുതാര്യവുമായി കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സ്മാർട്ട് കൃഷിഭവൻ പദ്ധതിയും നടപ്പിലാക്കുന്നു. കർഷകർക്ക് മണ്ണ്, ചെടി എന്നിവ പരിശോധിക്കുന്നതിന് വിള ആരോഗ്യ ക്ലിനിക്ക്, കർഷകർക്ക് സ്മാർട്ട് കാർഡ്, അപേക്ഷകൾ നൽകാനും വിവരങ്ങൾ അറിയാനുമുള്ള ഫ്രണ്ട് ഓഫീസ്, ഇക്കോ ഷോപ്പ്, ബയോ ഫാർമസി, ഡിജിറ്റൽ ലൈബ്രറി സംവിധാനം തുടങ്ങിയ നിരവധി സേവനങ്ങൾ സ്മാർട്ട് കൃഷിഭവനിൽ ലഭ്യമാകും.

8. എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണീട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന കാർഷിക യന്ത്ര സേവന കേന്ദ്രത്തിൽ അഗ്രിക്കൾച്ചറൽ ടെക്നീഷ്യന്മാരായി നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, മണീട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 18 വയസ്സു മുതൽ 55 വയസ്സു വരെ പ്രായ പരിധിയിൽ ഉള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് / റേഷൻ കാർഡ്/ വോട്ടേഴ്സ് ഐഡി എന്നിവയിൽ ഏതെങ്കിലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒന്നിന്റെ പകർപ്പ് ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷകൾ 16/07/2023 തിങ്കളാഴ്ച പകൽ 4 മണിക്കുള്ളിൽ കൃഷിഭവനിൽ ലഭ്യമായിരിക്കണം. അപേക്ഷ ഫാറം കൃഷിഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി 0485-2267974, 9495572543 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളു കൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

10. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഈ മാസം 7 ന് പച്ചക്കറി കൃഷിയും രോഗകീട നിയന്ത്രണവും എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻതാൽപ്പര്യമുള്ളവർ 6282937809, 0466 2912008,0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

11. റബ്ബർപാൽ വിപണനം, ഷീറ്റുറബ്ബർ സംസ്കരണം എന്നിവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ ഇന്ന് (05.07.2023) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം